Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

സംഗ്രഹം

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - വനം വകുപ്പിൽ പെരിയാർ കടുവാ സങ്കേതത്തിന് കീഴിലുള്ള രണ്ടു റേഞ്ചുകളിലായി നാലു ഫോറസ്റ്റ് സ്റ്റേഷനുകളും അതിലേക്കാവശ്യമായ 88 തസ്തികകളും സൃഷ്ടിച്ച് ഉത്തരവാകുന്നു

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(എം.എസ്)നമ്പർ 54 /2013/വനം തിരുവനന്തപുരം .തീയതി : 15/05/2013

---

പരാമർശം : 1. മുഖ്യ വനപാലകന്റെ 21/01/2013 ലെ 27493/2012 നമ്പർ കത്ത്.

## ഉത്തരവ്

ജൈവ വൈവിധ്യ സംരക്ഷണത്തിൽ ഇന്ത്യയിലെ വന്യമൃഗ സങ്കേതങ്ങളിൽ ഏറ്റവും മികച്ച ഒന്നാണ് പെരിയാർ കടുവാ സങ്കേതം . ഈ വന്യമൃഗ സങ്കേതത്തിന്റെ മൊത്തം വിസ്തീർണ്ണം925. ച.കി. മീറ്ററാണ് ശബരിമല തീർത്ഥാടന കേന്ദ്രം, മംഗള വനം ദേവീക്ഷേത്രം എന്നീ പ്രശസ്തമായ തീർത്ഥാടന കേന്ദ്രങ്ങൾ ഈ വന്യമൃഗ സങ്കേതത്തിലാണ് സ്ഥിതിചെയ്യുന്നത്. ഇത്രയും ബൃഹത്തായ ഈ വന്യമൃഗ സങ്കേത ത്തെ സംരക്ഷിച്ച് പരിപാലിക്കുന്നതിന് കേവലം 194 ജീവനക്കാർ മാത്രമാണ് ഉള്ളതെന്നും അത് തികച്ചും അപര്യാപ്തമാണെന്നും ആയതിനാൽ പുതിയതായി പെരിയാർ കടുവാ സങ്കേതത്തിന്റെ കീഴിലെ രണ്ടു റേഞ്ചുകളിലായി നാലു (4) ഫോറസ്റ്റ് സ്റ്റേഷനുകളും അതിലേക്കാവശ്യമായ തസ്തികകളും സൃഷ്ടിക്കണമെന്ന് മുഖ്യ വനപാലകൻ പരാമർശ കത്തു മുഖേന സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നാലു ഫോറസ്റ്റ് സ്റ്റേഷനുകളും അതിലേക്കാവശ്യമായ 88 തസ്തികകളും സൃഷ്ടിച്ച് ഉത്തരവാകുന്നു

**(1) പെരിയാർ ടൈഗർ റിസർവ്വ് വെസ്റ്റ് ഡിവിഷൻ**

**പമ്പ റെയിഞ്ചിൽ താഴെപ്പറയുന്ന ഫോറസ്റ്റ് സ്റ്റേഷനുകൾ**

1. <u>സന്നിധാനം ഫോറസ്റ്റ് സ്റ്റേഷൻ:-</u>

ത്രിവേണി - പമ്പ മുതൽ സന്നിധാനം വരെയും, റാന്നിമുതൽ ഉപ്പുപ്പാറ വരെയുമുള്ള പ്രദേശങ്ങളിലെ തീർത്ഥാടന സംബന്ധമായ സംരക്ഷണ പ്രവർത്തനങ്ങൾ ഈ ഫോറസ്റ്റ് സ്റ്റേഷന്റെ കീഴിലായിരിക്കും

2. <u>മുക്കുഴി ഫോറസ്റ്റ് സ്റ്റേഷൻ:-</u>

അഴുത മുതൽ പമ്പ വരെയുള്ള 22 കിലോമീറ്റർ വനത്തിലൂടെയുള്ള തീർത്ഥാടന പാതയും ഇതിനോടനുബന്ധിച്ച പ്രദേശങ്ങളും ഈ ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിലായിരിക്കും.

3. <u>പച്ചക്കാനം ഫോറസ്റ്റ് സ്റ്റേഷൻ:-</u>

പൊന്നമ്പലമേടും വള്ളക്കടവു മുതൽ ഉപ്പുപ്പാറ വരെ കാൽനടയായി പ്രധാനമായും തമിഴ്നാട്ടിൽനിന്നും വരുന്ന തീർത്ഥാടകർ ഉപയോഗിക്കുന്ന പാതയും ചുറ്റുപ്രദേശങ്ങളും ഈ ഫോറസ്റ്റ് സ്റ്റേഷന്റെ കീഴിലായിരിക്കും.

## (2) പെരിയാർ ടൈഗർ റിസർവ്വ് ഈസ്റ്റ് ഡിവിഷൻ

1. <u>വള്ളക്കടവ് റെയിഞ്ചിലെ ഗവി ഫോറസ്റ്റ് സ്റ്റേഷൻ:-</u> അച്ചൻകോവിൽ നിന്നും അംഗമുഴി വഴി ഉപ്പുപ്പാറയ്ക്കു വരുന്ന തീർത്ഥാടകർ ഉപയോഗിക്കുന്ന വഴികളും ഗവി മേഖലയേയും ഈ ഫോറസ്റ്റ് സ്റ്റേഷന്റെ കീഴിലായിരിക്കും ഉൾപ്പെടുത്തുന്നത്

## പുതിയതായി സൃഷ്ടിക്കുന്ന തസ്തികകൾ

| ക്രമ നമ്പർ | തസ്തികയുടെ പേര് | 1 ഫോറസ്റ്റ് സ്റ്റേഷനിൽ ആവശ്യമായ തസ്തികകൾ | 4 ഫോറസ്റ്റ് സ്റ്റേഷനുകളിൽ ആവശ്യമായ തസ്തികകൾ |
|---|---|---|---|
| 1 | ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ | 1 | 4 |
| 2 | സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 4 | 16 |
| 3 | ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 16 | 64 |
| 4 | ഡ്രൈവർ | 1 | 4 |
| | ആകെ | 22 | 88 |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പ്രദീപ് കുമാർ
പ്രിൻസിപ്പൽ സെക്രട്ടറി

ദി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വന്യജീവി വിഭാഗം)
പൊതു ഭരണ വകുപ്പ് (എസ്. സി.) (വൈഡ് ഐറ്റം നം. 3462)
ദി അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (13/05/2013 ലെ 43795/ അഗ്രി. വിങ്.എ2/13/ധന.പ്രകാരം)
പൊതു ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്:- പബ്ലിക് റിലേഷൻസ്(വെബ്)വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ